**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 502** **05-10-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.സ്കൂളിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്സ്. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15/02/2021 ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി 2,96,23,051 രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതി സാങ്കേതികാനുമതിയുടെ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ഏതാണ് എന്നും ടി പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? | (ബി) | സ.ഉ.(സാധാ)നം.783/2021/പൊ.വി.വ തീയതി, 28/01/2021 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) യെയാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി കിഫ്ബി 2,96,23,051 രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 502 മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.സ്കൂളിന്റെ പ്രവൃത്തി എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.*

***(എ)*** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ***(ബി)*** പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ഏതാണ് എന്നും ടി പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജോയിന്റ് സെക്രട്ടറി